റിട്ടയർ ചെയ്തവരെ നിയമിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ 46 പ്രൊഫസർ, 39 അസോസിയേറ്റ് പ്രൊഫസർ, 190 അസിസ്റ്റന്റ് പ്രൊഫസർ, 223 ലക്ചറർ എന്നീ തസ്തികകളിൽ ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഒഴിവുകളുണ്ട്. ഇക്കാരണങ്ങളാൽ മെഡിക്കൽ കോളേജിലെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവന കാലാവധി നീട്ടുന്നകാര്യം നയപരമായി ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ഇതൊക്കെ കൂടാതെ ഡോക്ടർമാരുടെ ശമ്പള സ്കെയിൽ വർദ്ധിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഡോക്ടർമാർ റിട്ടയർ ചെയ്ത് പോകുന്നതാണ് മെഡിക്കൽ കോളേജിൽ ഡോക്ടർമാർ ഇല്ലാത്ത അവസ്ഥയ്ക്ക് കാരണം.

(3) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. 720 വിദ്യാർത്ഥികൾ പഠനം നടത്തുന്ന പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജാണ് ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ്. ആദ്യ ബാച്ച് ഉയർന്ന വിജയം കൈവരിച്ച് പഠനം പൂർത്തിയാക്കി. എന്നാൽ പുതിയ ബാച്ചിലേയ്ക്ക് പ്രവേശനം നൽകുന്നതിന് പ്രസിദ്ധീകരിച്ച കൗൺസിലിംഗ് ലിസ്റ്റിൽ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പേരില്ല. കോളേജ് നടത്തിപ്പിനുവേണ്ട ഭൗതിക സാഹചര്യം ഇല്ലെന്ന് പറഞ്ഞ് കൗൺസിലിംഗ് ലിസ്റ്റിൽനിന്ന് ഈ കോളേജിനെ എ.ഐ.സി.ടി.ഇ. ഒഴിവാക്കിയിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നത്. ഈ കോളേജിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ ക്രൂരമായ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. 32.6 ഏക്കറിലധികം ഭൂമി സ്വന്തമായിട്ടുള്ള ഈ കോളേജിന് സ്ഥിരമായ കെട്ടിടം, കളിസ്ഥലം, ബോയ്സ് ഹോസ്റ്റൽ, കാന്റീൻ തുടങ്ങിയവയ്ക്ക് 2003-04 വർഷത്തെ ബഡ്ജറ്റിൽ 2.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എങ്കിലും പൊതുമരാമത്ത് വകുപ്പ് ഓരോ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രവർത്തി നീട്ടിക്കൊണ്ടുപോവുകയാണ്. . സോയിൽ ടെസ്റ്റിന്റെ കാരണം പറഞ്ഞ് കഴിഞ്ഞ ഒരു വർഷമായി അവിടെ പണിയൊന്നും നടക്കുന്നില്ല. അതുപോലെ വർക്ക്ഷോപ്പ് ബിൽഡിംഗിന് എ.എസ്. കിട്ടിയതാണ്. ഇതുവരെ ടി.എസ്. വാങ്ങിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് പല പ്രശ്നങ്ങളുമുണ്ട്. മറ്റ് സർക്കാർ കോളേജുകളെ വെല്ലുന്ന രീതിയിലുള്ള ലാബ് സൗകര്യമുള്ള സ്ഥലമാണ്. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമെല്ലാം ഈ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുവെങ്കിലും പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നില്ല. കൗൺസിലിംഗ് ലിസ്റ്റിൽ പേരില്ലാത്തതുകൊണ്ട് പുതിയ ബാച്ചിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയുന്നില്ല. അത് അധ്യാപകരേയും വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും ആശങ്കാകുലരാക്കിയിരിക്കുകയാണ്. ജില്ലയിൽ ആരംഭിക്കാൻ പോകുന്ന സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളെയാണ് ഇത് സഹായിക്കുന്നത്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ബാച്ചിലേയ്ക്ക് പ്രവേശനം നടത്തുന്നതിന് പ്രസിദ്ധീകരിച്ച കൗൺസിലിംഗ് ലിസ്റ്റിൽ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പേരുകൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ ഉണ്ടാകുന്നതിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ ബ്ലോക്ക് മെയിന്റനൻസിന് 20 ലക്ഷം രൂപയും കമ്പ്യൂട്ടർ ബ്ലോക്ക് കെട്ടുന്നതിന് 3.2 ലക്ഷം രൂപയും ഐ.ടി. ബ്ലോക്കിന് 5 ലക്ഷം രൂപയും ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ ബ്ലോക്കിന് 29 ലക്ഷം രൂപയും ഹോസ്റ്റൽ മെയിന്റനൻസിന് 30 ലക്ഷം രൂപയും സ്റ്റാഫ് ക്വാർട്ടേഴ്സിന് 15 ലക്ഷം രൂപയും മെയിൻ വർക്ക് ഷോപ്പ് കെട്ടുന്നതിന് 29 ലക്ഷം രൂപയും മറ്റ് സൗകര്യങ്ങൾക്കായി 24 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം കെട്ടിടം കെട്ടുന്നതിന് ആവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം എ.ഐ.സി.ടി.ഇ.-യെ ഇതിനകം അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ ബ്രാഞ്ചുകളിൽ ഒഴിവുള്ള അധ്യാപകരുടെ തസ്തികകൾ നികത്തുന്നതിന് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. ഇതിനു പുറമേ പാലക്കാട് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സർക്കാർ മേഖലയിലുള്ള ഒരു സ്ഥാപനമായതിനാൽ എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം നിലനിർത്തുന്നതിന് അനുഭാവപൂർവ്വമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് 25-6-2004-ലെ കത്ത് മുഖേന എ.ഐ.സി.ടി.ഇ.-യോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് അടിസ്ഥാനപരമായ എല്ലാ സൗകര്യങ്ങളും ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ബാബു : സർ, ഖാദി ഗ്രാമ വ്യവസായങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഖാദിക്ക് കേന്ദ്ര ഗവൺമെന്റ് 20 ശതമാനം റിബേറ്റ് നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ NDA ഗവൺമെന്റ് അതിന്റെ അവസാന ഘട്ടത്തിൽ 20 ശതമാനം റിബേറ്റ് നിർത്തലാക്കുകയും അത് മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ് (എം.ഡി.എ.) എന്നുള്ള പേരാക്കി മാറ്റുകയും ചെയ്തതിന്റെ ഫലമായി കൺസ്യൂമേഴ്സിന് റിബേറ്റ് കൈമാറാൻ സാധിക്കാതെ വന്നിരിക്കുകയാണ്.പഴയ രൂപത്തിൽ റിബേറ്റ് പുന:സ്ഥാപിക്കുന്നതിനുള്ള സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തേണ്ടതായിട്ടുണ്ട്. മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഖാദിക്ക് സംസ്ഥാന ഗവൺമെന്റ് നൽകുന്ന റിബേറ്റിൽ വളരെയേറെ കുടിശ്ശിക വരുത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 8 കോടി രൂപയോളം ഖാദിയുടെ റിബേറ്റ് കുടിശ്ശിക ഇപ്പോൾ കൊടുത്തുതീർക്കാനുണ്ട്. ആ കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കണം. 2000 ജനുവരി 1 മുതൽ

LIBRARY ARCHIVES Kerala Legislative Assembly